കേരളത്തിലെ 14 ജില്ലകളിലായി ഔഷധിയുടെ 900 ത്തിൽ പരം ഡീലർമാർക്കും, 32 ഡിസ്ട്രിബ്യൂട്ടേഴ്സിനും 30 ക്ലിനിക്കൽ സ്റ്റോക്കിസ്റ്റിനും ഓരോ മാസവും ചുരുങ്ങിയത് രണ്ട് തവണയെങ്കിലും മരുന്ന് വിതരണം നടത്തിവരുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ല അടങ്ങുന്ന സൗത്ത് സോണും; കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകൾ അടങ്ങുന്ന സെൻട്രൽ സോണും; കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾ അടങ്ങുന്ന നോർത്ത് സോണും ഓർഡർ സ്വീകരിക്കുന്നതും മരുന്ന് വിതരണം ചെയ്യുന്നതും അതാത് സോണിൽ നിന്ന് തന്നെയാണ്.

മെയിൽ വഴിയോ, എഫ്.എം.ഒ വഴിയോ, വാട്സ്-ആപ്പ് സന്ദേശമായോ അതാതു സോണുകളിൽ ലഭിക്കുന്ന ഓർഡറുകൾ സെയിൽ ഓർഡർ അടിച്ച് ഇൻവോയ്സ് ചെയ്യുകയും പാക്കിംഗ് സ്ലിപ്പ്, മറ്റ് രേഖകളും ഉൾപ്പടെ  പി.എം. സ്റ്റോറിൽ അയക്കുകയും ചെയ്യുന്നു. പി.എം സ്റ്റോറിൽ ജില്ല തരം തിരിച്ച് അതാത് റൂട്ട് പ്ലാൻ തയ്യാറാക്കി പാക്കിംഗിനുശേഷം മരുന്ന് അതാത് സ്ഥാപനത്തിൽ അയക്കുകയും ചെയ്യുന്നു. മരുന്നു വിതരണശേഷം ലഭ്യമാകുന്ന പെയ്മെന്റ് തുകകൾ അതാത് കസ്റ്റമറുടെ ലഡ്ജറിൽ വരവ് വെയ്ക്കുകയും ചെയ്യുന്നു. വിവിധ ഘട്ടങ്ങളിലായിട്ടുള്ള ഈ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യ പരമാവധി പ്രയോജനപ്പടുത്താൻ മറ്റ് കമ്പനികളെ അപേക്ഷിച്ച് ഔഷധിക്ക് കഴിഞ്ഞിട്ടില്ല. 90% ഡീലർമാരും വാട്സ്-ആപ്പിലൂടെയാണ് ഓർഡർ അയക്കുന്നത്. ഓർഡർ ലഭിക്കുന്നതു മുതൽ വിതരണം ചെയ്തു കഴിയുന്നതുവരെയുള്ള പ്രക്രിയ ഒരു മൊബൈൽ ആപ്പിന്റെ സഹായത്തോടെ ക്രോഡീകരിക്കാവുന്നതും ഇത് കസ്റ്റർമർക്കും സ്ഥാപനത്തിനും വളരെ ഗുണപ്രദമാകുന്നതുമാണ്. താഴെ പറയുന്ന പ്രക്രിയകൾ ഇതിൽ രേഖപ്പെടുത്താവുന്നതാണ്.

1. User Id യും, പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്തശേഷം കസ്റ്റമർക്ക് ഓർഡർ അയക്കുന്നതിനുള്ള സംവിധാനം ലഭ്യമാക്കുക.
2. ബില്ലിംഗ് സെക്ഷനിൽ ഇൻവോയ്സ് ചെയ്ത് കഴിഞ്ഞാൽ ബിൽ തുകയും ഇൻവോയ്സ് വിവരണവും കസ്റ്റർമർക്ക് ലഭ്യമാക്കുന്ന രീതിയാക്കുക.
3. ബില്ലിംഗിനുശേഷം പി.എം. സ്റ്റോറിൽ എത്തിയാൽ പാക്കിംഗ് സ്റ്റാറ്റസും, പാക്ക് ചെയ്ത് കഴിഞ്ഞാൽ ബോക്സിന്റെ എണ്ണം, തുക, വണ്ടി നമ്പർ, ഡെലിവറി ബോയ്, dispatch date  എന്നീ വിവരങ്ങൾ കസ്റ്റമർക്ക് സന്ദേശം ലഭ്യമാക്കുക.
4. കസ്റ്റമറുടെ പരാതി ,  പണമടച്ച വിവരങ്ങൾ, കേടായ മരുന്ന് തിരിച്ചെടുത്ത്(ക്രെഡിറ്റ് നോട്ട്, ഡെബിറ്റ് നോട്ട്) എന്നിവ ഉൾക്കൊള്ളുന്ന ഇൻഫർമേഷൻ കസ്റ്റമർക്ക് Upload ചെയ്യാവുന്ന രീതിയിൽ  അതിനെ ഉപയോഗപ്പെടുത്തുക.

**ഔഷധി കേരള സർക്കാരിന്റെ കീഴിലുള്ള 857 ഡിസ്പെൻസറികളിലേക്കും, 128 ആശുപത്രികളിലേക്കും, 295 NHM സ്ഥാപനങ്ങളിലേക്കും മരുന്നുകൾ വിതരണം നടത്തിവരുന്നു.**

## Term supply

കേരളസർക്കാർ ISM വകുപ്പ് വഴി 3 പ്രാവശ്യമായി ഒരു സാമ്പത്തിക വർഷം ഒരേ സ്ഥാപനത്തിലേക്കും മരുന്നുകൾക്ക് ഓർഡർ നൽകുന്നത്. ഇവ തനതു സ്ഥാപനത്തിൽ നിന്നും ആവശ്യകത ക്രോഡീകരിച്ച് DMO ഓഫീസ് വഴി അവരുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കുമായി ഒരുമിച്ച് **I term, II term, III term** എന്നിങ്ങനെ ഓർഡറുകൾ നൽകുന്നു.

ഓരോ സ്ഥാപനങ്ങൾക്കും നിശ്ചിത തുകയ്ക്ക് കഷായചൂർണ്ണങ്ങൾ, പ്രിപ്പേർഡ് മെഡിസിൻ എന്നിങ്ങനെ പ്രത്യേകമായാണ് ഓർഡർ നൽകുന്നത്.

ഈ ഉത്തരവ് പ്രകാരം മരുന്നുവിതരണം നടത്തിയ ശേഷം സെയിൽസ് രജിസ്റ്റർ തനത് DMO മാർക്ക് അയച്ച് നൽകേണ്ടതാണ്. ഈ സെയിൽ രജിസ്റ്റർ പ്രകാരം ലഭിച്ച മരുന്നുകൾക്കുള്ള തുക അനുവദിക്കുന്നതിനായി DMO ഓഫീസിൽ നിന്നും ISM ഓഫീസിലേക്ക് ഫയൽ സമർപ്പിക്കുന്നു.

14 ജില്ലകളിലേയും സെയിൽസ് രജിസ്റ്റർ ISM ൽ ലഭിച്ചശേഷം ഇവയുടെ ആകെ തുക ഔഷധിയ്ക്ക് അനുവദിച്ച് നൽകുന്നു.

പല സ്റ്റേജുകളിലായി തരം തിരിച്ച് ഈ നടപടി ക്രമത്തിലെ ഇൻഫോർമേഷൻ വിരൽതുമ്പിൽ ലഭിക്കുന്ന രീതിയിൽ പ്രോഗ്രാം ഉണ്ടാക്കുന്നത് കാലതാമസം ഒഴിവാക്കാൻ സഹായിക്കും.

## Special Supply

ജില്ലാതലത്തിൽ DMO മാർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് നൽകുന്ന ഓർഡറുകൾ

## NAM Supply

NAM – ൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗപ്പെടുത്തി DMO മാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങൾക്ക് മരുന്ന് വിതരണം നടത്തുന്നതിനായി ലഭിക്കുന്ന ഓർഡറുകൾ

## GP SUPPLY

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് സ്ഥാപനങ്ങൾ നേരിട്ട് നൽകുന്ന ഓർഡറുകൾ

ആദ്യപടിയായി പ്രോജക്ട് സമർപ്പണത്തിനായി വേണ്ടി വരുന്ന തുകയ്ക്ക് അനുസൃതമായി മരുന്നുകൾ നൽകാം എന്ന് കാണിച്ച് പ്രൊഫോമ ഇൻവോയ്സ് തയ്യാറാക്കി നൽകുന്നു. ഈ പ്രൊഫോമ ഇൻവോയ്സ് പ്രകാരം പ്രൊജക്ട് തയ്യാറാക്കി Implementing ഓഫീസർമാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കുന്നു. തുക പാസ്സാക്കി

ഔഷധിയുടെ അക്കൗണ്ടിലേക്ക് ട്രഷറിവഴി നൽകുന്നു. ഇതിന്റെ UTR നമ്പർ ലഭിച്ച ശേഷം ഔഷധി തുക വരവ് ചെയ്തു രസീതി നൽകുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി നിലവിലെ G.O.13180 / തീയതി 21/11/2010 പ്രകാരം 2 മാസത്തിനുള്ളിൽ മരുന്നുകൾ വിതരണം ചെയ്തു കൊള്ളാം എന്നറിയിക്കുന്ന കരാർ ഔഷധി ഒപ്പിട്ട് നൽകുന്നു.

പിന്നീട് മരുന്ന് വിതരണം പൂർത്തിയാകുന്നു ഘട്ടം ഘട്ടമായി പല ഇൻവോയ്സു-കളിലായാണ് ഇവ പൂർത്തിയാകുന്നത്. എന്തെങ്കിലും തരത്തിലുള്ള അപാകതകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതിന് കാര്യകാരണ സഹിതം മറുപടി നൽകുന്നു.

എഫ്.എം.ഒ മാരുടെ TA, DA, Live Location എന്നിവ ക്രമീകരിക്കുന്ന നിലവിലെ UNOLO APP ന്റെ ഉപയോഗം കൂടി ഉൾപ്പെടുത്തണം.

ഔഷധി വാഹനങ്ങളുടെ Route, Status, Payment Live Location എന്നിവ ലഭിക്കുന്ന രീതിയിൽ ക്രമപ്പെടുത്തണം.